# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.388 12.05.2017 ന് മറുപടിയ്ക്ക്.

## വനപ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.ആർ.രാമചന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനപ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗര മാലിന്യങ്ങൾ വനപ്രദേശങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി കാണുന്നുണ്ട്. വയനാട്, തൃശ്ശൂർ, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ വനമേഖലയിലെ ചില പ്രദേശങ്ങളിൽ ധാരാളം നഗര മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനെതിരെ നടപടിയെടുക്കാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ; അല്ലെങ്കിൽ നിയമ ഭേദഗതി നടത്തുന്നത് പരിഗണിക്കുമോ; | (ബി) നിലവിലെ വന നിയമം, വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ല.<br>വനമേഖലയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നിലവിൽ റിസർവ്വ് വനത്തിൽ അതിക്രമിച്ച് കടക്കുന്നതിനും അടിക്കാടുകൾക്കും മറ്റും നാശനഷ്ടമുണ്ടാക്കുന്നതിനുമാണ് 1961-ലെ കേരള വനനിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യാനാകുന്നത്. ഇതിന് ഒരു വർഷം മുതൽ അഞ്ച് വർഷം വരെ തടവും, 1000 രൂപ മുതൽ 5000 വരെ പിഴയും ലഭിക്കാമെങ്കിലും അത്തരം കേസുകൾ ശിക്ഷിക്കപ്പെടാനുള്ള സാദ്ധ്യത വിരളമാണ്. വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത പ്രദേശങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നത് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ 27(4) വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിന് 3 വർഷം വരെ തടവോ 25,000/- രൂപ വരെയോ പിഴയോ രണ്ടും കൂടിയോ ലഭിക്കാം. |

വനത്തിലെ മാലിന്യ നിക്ഷേപം ശിക്ഷാർഹമായ കുറ്റമായി കണക്കാക്കാവുന്ന തരത്തിൽ കേരള വനം നിയമത്തിൽ ഭേദഗതി ആവശ്യമാണ്. ആയതിനാൽ വനത്തിലും വനപ്രദേശത്തെ ജലാശയങ്ങളിലും പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കുറ്റകരമായ പ്രവർത്തിയായി ഉൾപ്പെടുത്തി 1961-ലെ കേരള വന നിയമം, സെക്ഷൻ 27-ൽ വേണ്ട ഭേദഗതി വരുത്തുന്നതിനുള്ള കരട് സർക്കാർ പരിശോധിച്ചു വരുന്നു.

(സി) നിലവിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(സി) വനപ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ വനഭാഗങ്ങളിലെ പൊതുനിരത്തുകളിലും ഇക്കോ ടൂറിസം പോയിന്റുകളിലും സ്ഥാപിച്ചിട്ടുണ്ട്.

ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വനസംരക്ഷണ ജീവനക്കാരും, വനസംരക്ഷണ സമിതി - ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളും സന്നദ്ധ സംഘടനകളും, സ്കൂൾ-കോളേജ് തല നാഷണൽ സർവ്വീസ് സ്കീം അംഗങ്ങളും മാലിന്യ നിർമ്മാർജ്ജനം ചെയ്തു വരുന്നുണ്ട്. നഗര മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിലൂടെ ഉണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റി ജനങ്ങളേയും വിദ്യാർത്ഥികളേയും ബോധവാന്മാരാക്കു-ന്നതിനായി പ്രകൃതി പഠന ക്യാമ്പുകളിൽ പ്രത്യേക അവബോധവും സന്ദേശവും നൽകി വരുന്നു.

മാലിന്യം നിക്ഷേപിക്കാൻ സാധ്യതയുള്ളതും വിജനവുമായ ചില വനപ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

വനത്തിനകത്തേക്ക് പോകുന്ന വാഹനങ്ങളിൽ മാലിന്യം കടത്തിക്കൊണ്ടു പോകുന്നതും നിക്ഷേപിക്കുന്നതും തടയുന്നതിനായി ഫോറസ്റ്റ് ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്.

ചില പ്രദേശങ്ങളിൽ വനം വകുപ്പും പോലീസും സംയുക്തമായി പട്രോളിംഗ് നടത്തുകയും രാത്രികാലങ്ങളിൽ സംശയം തോന്നുന്ന വാഹനങ്ങൾ പരിശോധിച്ച് നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ